"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ ഒല്ലൂക്കര വില്ലേജിൽ നിന്നും ഒല്ലൂർ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് സ്ഥാപിക്കുന്നതിനു വേണ്ടി 5.5 എക്കർ ഭൂമി ഏറ്റെടുക്കുന്നത് - സാമൂഹ്യാഘാത പഠനം - വിദഗ്ധ സമിതി ശുപാർശ - 2013-ലെ എൽ.എ.ആർ.ആർ. നിയമപ്രകാരം സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (ബി) വകുപ്പ്**

സ.ഉ.(കൈ) നം.254/2024/RD തീയതി,തിരുവനന്തപുരം, 04-12-2024

പരാമർശം:-
1. 27.02.2024-ലെ സ.ഉ.(അച്ചടി) നം.71/2024/റവ നമ്പർ സർക്കാർ ഉത്തരവ്.
2. തൃശ്ശൂർ ജില്ലാ കളക്ടറുടെ 06.09.2024-ലെ DCTSR/3507/2018-E4 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ ഒല്ലൂക്കര വില്ലേജിൽ നിന്നും 5.5 എക്കർ ഭൂമി ഒല്ലൂർ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് സ്ഥാപിക്കുന്നതിനു വേണ്ടി 2013-ലെ എൽ.എ.ആർ.ആർ. നിയമ പ്രകാരം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യാഘാത പഠനം നടത്തുന്നതിനായി പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ഭാരത് മാതാ സ്കൂൾ ഓഫ് സോഷ്യൽ വർക്ക്, തൃക്കാക്കര എന്ന ഏജൻസിയെ ചുമതലപ്പെടുത്തുകയുണ്ടായി. 2013-ലെ എൽ.എ.ആർ.ആർ നിയമത്തിലെ സെക്ഷൻ 5 പ്രകാരം ബാധിക്കപ്പെടുന്ന കുടുംബങ്ങളുടെ ആവലാതികൾ കേൾക്കുന്നതിന് പബ്ലിക് ഹിയറിംഗ് നടത്തിയിരുന്നു. 2013-ലെ എൽ.എ.ആർ.ആർ നിയമത്തിലെ സെക്ഷൻ 6 പ്രകാരം സാമൂഹ്യാഘാത പഠനത്തിന്റെ അന്തിമ റിപ്പോർട്ട് ജില്ലാ ഭരണകൂടത്തിന് ലഭ്യമാക്കുകയും, ഗവൺമെന്റ് വെബ് സൈറ്റിലും ജില്ലാ ഭരണകൂടത്തിന്റെ വെബ് സൈറ്റിലും റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. 2013-ലെ എൽ.എ.ആർ.ആർ നിയമത്തിലെ സെക്ഷൻ 7 പ്രകാരം സാമൂഹ്യ പ്രത്യാഘാത പഠനം വിലയിരുത്തുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടർ വിദഗ്ധ സമിതിയെ രൂപീകരിക്കുകയുണ്ടായി.

2. വിദഗ്ധ സമിതിയുടെ ശുപാർശ ലഭിച്ചുകഴിഞ്ഞാൽ 2013-ലെ എൽ.എ.ആർ.ആർ നിയമത്തിലെ സെക്ഷൻ 8 സബ് സെക്ഷൻ (1) (എ) മുതൽ (ഇ) പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള ശുപാർശയും സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടും ജില്ലാ കളക്ടർ പരിശോധിച്ച് ശുപാർശ സഹിതം സർക്കാരിലേക്ക് സമർപ്പിക്കേണ്ടതുണ്ട്. ആയതുപ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർ വിദഗ്ധ സമിതിയുടെ ശുപാർശ പരാമർശം (2) പ്രകാരം സമർപ്പിക്കുകയുണ്ടായി. 2013-ലെ എൽ.എ.ആർ.ആർ. നിയമത്തിലെ സെക്ഷൻ 8 സബ് സെക്ഷൻ 2 പ്രകാരം പ്രസ്തുത പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് ആക്ടിലെ നിർദ്ദേശങ്ങൾ തൃപ്തികരമാകുന്ന പക്ഷം ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടരണമോ വേണ്ടയോ എന്ന കാര്യം സർക്കാരിന് തീരുമാനിക്കാവുന്നതാണ്. ഈ കേസിൽ വിദഗ്ധ സമിതിയും, തൃശ്ശൂർ ജില്ലാ കളക്ടറും ഭൂമി ഏറ്റെടുക്കലുമായി മുന്നോട്ട് പോകാൻ ശുപാർശ

ചെയ്തിട്ടുള്ളതാണ്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിദഗ്ധ സമിതിയുടെ ശുപാർശ, സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട്, തൃശ്ശൂർ ജില്ലാ കളക്ടറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ ഒല്ലൂർ ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ് സ്ഥാപിക്കുന്നതിനായി കണ്ടെത്തിയ തൃശ്ശൂർ ജില്ലയിലെ ഒല്ലൂക്കര വില്ലേജിൽ ഉൾപ്പെട്ട 5.5 എക്കർ ഭൂമിയിൽ നെൽവയൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടിലെയും ബന്ധപ്പെട്ട ചട്ടങ്ങളിലെയും നടപടിക്രമങ്ങൾ പാലിച്ച് മാത്രമേ പരിവർത്തനം ചെയ്യാവൂ എന്ന വ്യവസ്ഥക്കു വിധേയമായി 2013-ലെ എൽ.എ.ആർ.ആർ നിയമപ്രകാരം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു ജെ
അഡിഷണൽ സെക്രട്ടറി

To

1. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
2. ജില്ലാ കളക്ടർ, തൃശ്ശൂർ
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
4. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & എൻ.എം) ഡിപ്പാർട്ട്മെന്റ്
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി(ഫയൽ നം. REV-B2/136/2020-REV)

ഉത്തരവിൻ പ്രകാരം
Signed by
Sandhya S
Date: 04-12-2024 11:23:49
സെക്ഷൻ ഓഫീസർ

പകർപ്പ് :

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ പ്രിൻസിപ്പൽ ക്രട്ടറിയുടെ പി.എ.ക്ക്
റവന്യൂ അഡീഷണൽ സെക്രട്ടറിയുടെ സി എ ക്ക്